അക്ഷരം അഗ്നിയാണ്

# കോട്ടൺഹിൽ വൃത്താന്തം

2017 നവംബർ   കോട്ടൺഹിൽ വൃത്താന്തം  ത്രൈമാസിക  കോട്ടൺഹിൽ ,വഴുതയ്ക്കാട്,പേജ് 4
തിരുവനന്തപുരം   www.gghss@gmail.com

## എം.ആർ വാക്സിൻ – ആരോഗ്യ രംഗത്തെ ദീർഘ വീക്ഷണം

ഭാവിതലമുറയുടെ ആരോഗ്യ പരിപാലനം ലക്ഷ്യമാക്കി നാഷണൽ ഹെൽത്തു മിഷനും സർക്കാരും സംയുക്തമായിനടത്തുന്ന എം ആർ വാക്സിനേഷൻ രണ്ടാം ഘട്ടം 17.10.2017 ൽ നൽകി. കോട്ടൺഹിൽ സ്കൂളിലെ 90% കുട്ടികളും ഇതിനോടു സഹകരിച്ചു,

## ഹരിതോത്സവത്തിന്റെ ഉദ്ഘാടനം കോട്ടൺഹില്ലിൽ

തിരു . ഹരിതകേരളമിഷനും മാതൃഭൂമി സീഡും ചേർന്ന് സ്കൂളുകളിൽ നടത്തുന്ന ഹരിതോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കോട്ടൺഹില്ലിൽ ബഹു. വിദ്യാഭ്യാസമന്ത്രി പ്രൊഫ. ജി.രവീന്ദ്രനാഥ് നിർവ്വഹിച്ചു. വി .എസ് ശിവകുമാർ എം എൽ എ , ശശി തരൂർ എം പി ഡോ. ടി .എൻ സീമ, മേയർ വി കെ പ്രശാന്ത്, എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഡെ.മേയർ രാഖി രവികുമാർ ബഹു.ഡി പി ഐ മോഹൻകുമാർ എന്നിവർ ആശംസാ പ്രസംഗംനടത്തി. പ്രിൻസിപാൾ ശ്രീമതി ഷീജ കെ വി നന്ദി പ്രകാശിപ്പിച്ചു.കൈപ്പുസ്തകം പ്രകാശിപ്പിക്കുകയും ചെയ്തു.




ഹരിതോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം

## ഗാന്ധിജയന്തി വാരാഘോഷം

തിര: രാഷ്ട്രപിതാവിനോടുള്ളആദരസൂചകമായി തിരുവന്തപുരം കോട്ടൺഹിൽ സ്കൂളിൽ ഗാന്ധിജയന്തി സമുചിതമായി ആഘോഷിച്ചു . ഒരാഴ്ച നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾ ക്ക് ഒക്ടോബർ രണ്ടാം തീയതി തുടക്കമായി.കുട്ടികൾ ഗാന്ധി പ്രതിമയിൽപുഷ്പാർച്ചന നടത്തി . സ്വച്ഛഭാരതമിഷന്റെ മൂന്നാം വാർഷികമായതിനാൽ കുട്ടികൾ ശുചി ത്വഭാരതത്തിനായുള്ള പ്രതിജ്ഞ യെടുത്തു. ടാഗോർ തിയറ്ററിൽ വച്ച് , ബഹു ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ച ഉദ്ഘാടന ചടങ്ങിൽ എല്ലാ വിദ്യാർത്ഥിനികളും പങ്കെടുത്തു.NCC,SPC അംഗങ്ങൾ ശംഖുമുഖം ബീച്ച് വൃത്തിയാക്കി.